2. സമഗ്രമായ സ്പോർട്സ് വികസന പദ്ധതി

ശ്രീ. ജി. കാർത്തികേയൻ : സർ, ഞാൻ പ്രമേയം അവതരിപ്പിക്കുന്നു.

"ഡൽഹി, ലോസ് ഏഞ്ചൽസ്, ജക്കാർത്ത, സോൾ എന്നീ സ്ഥലങ്ങളിൽ നടന്ന അന്താരാഷ്ട്ര കായികമത്സരങ്ങളിൽ ഭാരതത്തിന്റെ മികച്ച പ്രകടനം കാഴ്ചവയ്ക്കുവാൻ കേരളത്തിലെ കായികതാരങ്ങൾക്കു മാത്രമേ കഴിഞ്ഞിട്ടുള്ളുവെന്നും കേരളത്തിലെ സ്പോർട്സ് പരിശീലന സൗകര്യങ്ങൾ തീരെ അപര്യാപ്തവും പരിമിതവുമാണ് എന്നും പുത്തൻ പ്രതിഭകളെ കണ്ടുപിടിച്ച് കായികതാരങ്ങൾക്കാവശ്യമായ അന്താരാഷ്ട്ര നിലവാരമുള്ള അത്യാധുനിക പരിശീലന സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതുണ്ടെന്നും ഉള്ള കാര്യങ്ങൾ പരിഗണിച്ച് സമഗ്രമായ ഒരു സ്പോർട്സ് വികസനപദ്ധതി ആവിഷ്ക്കരിക്കണമെന്ന് കേരള സർക്കാരിനോടും ഇതിന് സാമ്പത്തിക സഹായങ്ങൾ നൽകണമെന്ന് കേന്ദ്ര സർക്കാരിനോടും ഈ സഭ ആവശ്യപ്പെടുന്നു".

ശ്രീ. എം. എം. ഹസ്സൻ : സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

(ഭേദഗതികൾ ആരും അവതരിപ്പിച്ചില്ല).

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, കേരളത്തിലെ സ്പോർട്സിന്റെ വികസനത്തിനുവേണ്ടി സമഗ്രമായ ഒരു പദ്ധതി ഇതിനകംതന്നെ തയ്യാറാക്കി കേന്ദ്രഗവൺമെന്റിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ എല്ലാ നടപടികളും ഗവൺമെന്റ് ചെയ്യുന്നതാണെന്ന് ഞാൻ ഈ സഭയെ അറിയിക്കുന്നു. പ്രമേയം ഗവൺമെന്റ് അംഗീകരിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ അവതരിപ്പിച്ച പ്രമേയം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. ജിനദേവൻ നോട്ടീസ് നൽകിയിരുന്ന പ്രമേയം അവതരിപ്പിക്കാത്തതുകൊണ്ട് പ്രമേയം ലാപ്സായിരിക്കുന്നു.

(ബഹളം)

സഭയുടെ മുൻപിലുള്ള ബിസിനസ് അവസാനിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1986 നവംബർ 17-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.05-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly